**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2446** **13-09-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ഉറപ്പ് വരുത്തുവാൻ ഭക്ഷ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആഗസ്റ്റ് മാസത്തിൽ താഴെപ്പറയുന്ന അളവിൽ സബ്സിഡി സാധനങ്ങൾ സംഭരിച്ചിട്ടുണ്ട്.<br><br>പയറുവർഗ്ഗങ്ങൾ - 58625 ക്വിന്റൽ<br><br>അരി - 175390 ക്വിന്റൽ<br><br>പലവ്യഞ്ജനങ്ങൾ - 7350 ക്വിന്റൽ<br><br>പഞ്ചസാര - 57200 ക്വിന്റൽ<br><br>സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും പൊതു വിപണിയെക്കാൾ വിലക്കുറവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633 ഓളം വരുന്ന ഔട്ട് ലെറ്റുകളിലേക്ക് രണ്ടര മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോയിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ/നാഫെഡ് മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വില്പനശാലകളിലൂടെ വില്പന നടത്തുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ-ടെണ്ടർ മുഖാന്തിരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ |

ഉൽപാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസം തോറും നടത്തുന്ന ഇ-ടെണ്ടർ/ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം 65 ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങുവാൻ കഴിയുന്നു. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ സാധനങ്ങളുടെ പർച്ചേസ് നടത്തി എല്ലാ ഔട്ട് ലെറ്റുകളിലും ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുവിപണിയെക്കാൾ വിലക്കുറവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി കേരള സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സപ്ലൈകോയുടെ കീഴിലുള്ള വില്പനശാലകളിൽ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന താഴെ പറയുന്ന 13 ഇനങ്ങൾ 2016 മുതൽ മാർക്കറ്റ് വിലയേക്കാൾ വളരെ താഴ്ന്ന സബ്സിഡി നിരക്കിൽ വിലയിൽ മാറ്റം വരുത്താതെ ഗുണനിലവാരം ഉറപ്പു വരുത്തി ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

ചെറുപയർ

കടല

ഉഴുന്ന്

തുവര പരിപ്പ്

വൻപയർ

മുളക്

മല്ലി

പഞ്ചസാര

പച്ചരി

മട്ട അരി (ഉണ്ട)

ജയ അരി

കുറുവ അരി

വെളിച്ചെണ്ണ

ഈ ഓണക്കാലത്ത് എല്ലാ ജില്ലകളിലും സപ്ലൈകോ നടത്തിയ പ്രത്യേക ഓണം ജില്ലാ ഫെയറുകളിലൂടെ വെളിച്ചെണ്ണ, ആട്ട എന്നീ ശബരി ബ്രാൻഡ് ഉല്പന്നങ്ങൾക്കും പ്രമുഖ എഫ്.എം.സി.ജി. ബ്രാൻഡ്

| | | | |
|---|---|---|---|
| | | | ഉല്പന്നങ്ങൾക്കും വമ്പിച്ച ഓഫറുകൾ നൽകിയിരുന്നു. കൂടാതെ തേയില ഉൾപ്പെടെയുള്ള തെരഞ്ഞെടുക്കപ്പെട്ട ശബരി ഉല്പന്നങ്ങൾക്കും, മിൽമ, ഉല്പന്നങ്ങൾക്കും പ്രമുഖ എഫ്.എം.സി.ജി. കമ്പനികളുടെ ഉല്പന്നങ്ങൾക്കും നിലവിലുള്ള വിലക്കുറവിനു പുറമേ അധിക ഡിസ്കൗണ്ടും ഓണം ജില്ലാ ഫെയറുകളിലൂടെ പൊതുജനങ്ങൾക്ക് നൽകിയിരുന്നു. കൂടാതെ 2 ലിറ്റർ ശബരി വെളിച്ചെണ്ണ വാങ്ങുമ്പോൾ ഒരു ലിറ്റർ സൗജന്യമായും 2 കിലോ ശബരി ആട്ട വാങ്ങുമ്പോൾ ഒരു കിലോ ആട്ട സൗജന്യമായും നൽകിയിരുന്നു. ഇവയ്ക്ക് പൊതുവിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയാണ് സപ്ലൈകോ ഈടാക്കിയത്. |
| (ബി) | സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും പൊതുവിപണിയെക്കാൾ വിലക്കുറവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആഗസ്റ്റ് മാസത്തിൽ താഴെപ്പറയുന്ന അളവിൽ സബ്സിഡി സാധനങ്ങൾ സംഭരിച്ചിട്ടുണ്ട്.<br><br>പയറുവർഗ്ഗങ്ങൾ - 58625 ക്വിന്റൽ<br><br>അരി - 175390 ക്വിന്റൽ<br><br>പലവ്യഞ്ജനങ്ങൾ - 7350 ക്വിന്റൽ<br><br>പഞ്ചസാര - 57200 ക്വിന്റൽ<br><br>സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും പൊതു വിപണിയെക്കാൾ വിലക്കുറവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633 ഓളം വരുന്ന ഔട്ട് ലെറ്റുകളിലേക്ക് രണ്ടര മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോയിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ/നാഫെഡ് മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വില്പനശാലകളിലൂടെ വില്പന നടത്തുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ-ടെണ്ടർ മുഖാന്തിരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം |

നടത്തുവാൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ ഉൽപാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസം തോറും നടത്തുന്ന ഇ-ടെണ്ടർ/ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം 65 ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങുവാൻ കഴിയുന്നു. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ സാധനങ്ങളുടെ പർച്ചേസ് നടത്തി എല്ലാ ഔട്ട് ലെറ്റുകളിലും ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

പൊതുവിപണിയെക്കാൾ വിലക്കുറവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി കേരള സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സപ്ലൈകോയുടെ കീഴിലുള്ള വില്പനശാലകളിൽ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന താഴെ പറയുന്ന 13 ഇനങ്ങൾ 2016 മുതൽ മാർക്കറ്റ് വിലയേക്കാൾ വളരെ താഴ്ന്ന സബ്സിഡി നിരക്കിൽ വിലയിൽ മാറ്റം വരുത്താതെ ഗുണനിലവാരം ഉറപ്പ് വരുത്തി ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

ചെറുപയർ

കടല

ഉഴുന്ന്

തുവര പരിപ്പ്

വൻപയർ

മുളക്

മല്ലി

പഞ്ചസാര

പച്ചരി

മട്ട അരി (ഉണ്ട)

ജയ അരി

കുറുവ അരി

വെളിച്ചെണ്ണ

ഈ ഓണക്കാലത്ത് എല്ലാ ജില്ലകളിലും സപ്ലൈകോ നടത്തിയ പ്രത്യേക ഓണം ജില്ലാ ഫെയറുകളിലൂടെ വെളിച്ചെണ്ണ, ആട്ട എന്നീ ശബരി ബ്രാൻഡ്

| | | | |
|---|---|---|---|
| | | | ഉല്പന്നങ്ങൾക്കും പ്രമുഖ എഫ്.എം.സി.ജി. ബ്രാൻഡ് ഉല്പന്നങ്ങൾക്കും വമ്പിച്ച ഓഫറുകൾ നൽകിയിരുന്നു. കൂടാതെ തേയില ഉൾപ്പെടെയുള്ള തെരഞ്ഞെടുക്കപ്പെട്ട ശബരി ഉല്പന്നങ്ങൾക്കും, മിൽമ, ഉല്പന്നങ്ങൾക്കും പ്രമുഖ എഫ്.എം.സി.ജി. കമ്പനികളുടെ ഉല്പന്നങ്ങൾക്കും നിലവിലുള്ള വിലക്കുറവിനു പുറമേ അധിക ഡിസ്കൗണ്ടും ഓണം ജില്ലാ ഫെയറുകളിലൂടെ പൊതുജനങ്ങൾക്ക് നൽകിയിരുന്നു. കൂടാതെ 2 ലിറ്റർ ശബരി വെളിച്ചെണ്ണ വാങ്ങുമ്പോൾ ഒരു ലിറ്റർ സൗജന്യമായും 2 കിലോ ശബരി ആട്ട വാങ്ങുമ്പോൾ ഒരു കിലോ ആട്ട സൗജന്യമായും നൽകിയിരുന്നു. ഇവയ്ക്ക് പൊതുവിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയാണ് സപ്ലൈകോ ഈടാക്കിയത്. |
| (സി) | ഓണത്തിനോടനുബന്ധിച്ച് ഓണം ഫെയറുകളിലൂടെ വിവിധ ഉല്പന്നങ്ങൾ ആലപ്പുഴ മണ്ഡലത്തിൽ എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഓണത്തോടനുബന്ധിച്ച് സപ്ലൈകോ നടത്തുന്ന ഓണം ഫെയറുകളിലൂടെ ആലപ്പുഴ മണ്ഡലത്തിൽ വിതരണം ചെയ്യുന്നതിനായി ആലപ്പുഴ ഡിപ്പോയ്ക്ക് താഴെപ്പറയുന്ന അളവിൽ സബ്സിഡി സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br>പയറുവർഗ്ഗങ്ങൾ - 1400 ക്വിന്റൽ<br>അരി - 2400 ക്വിന്റൽ<br>പലവ്യഞ്ജനങ്ങൾ - 300 ക്വിന്റൽ<br>പഞ്ചസാര - 1300 ക്വിന്റൽ |

സെക്ഷൻ ഓഫീസർ